## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3078 — 11/12/2014-ൽ മറുപടിയ്ക്ക്

### മലപ്പുറം കോട്ടപ്പടി ബൈപ്പാസ്, ആശാരിക്കടവ് പാലം അപ്രോച്ച് റോഡ് എന്നീ പദ്ധതികളുടെ സ്ഥലമെടുപ്പ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി. ഉബൈദുള്ള | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) | മലപ്പുറം കോട്ടപ്പടി ബൈപ്പാസ്, ആശാരിക്കടവ് പാലം അപ്രോച്ച് റോഡ് എന്നീ പദ്ധതികളുടെ പൂർത്തീകരണത്തിനുള്ള സ്ഥലമെടുപ്പ് നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; | (എ) | മലപ്പുറം കോട്ടപ്പടി ബൈപ്പാസ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഏറ്റെടുക്കേണ്ട ഭൂമിയുടെ കരട് പ്രഖ്യാപനം ലാന്റ് റവന്യു കമ്മീഷണറുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആശാരിക്കടവ് പാലം അപ്രോച്ച് റോഡിന്റെ സ്ഥലമെടുപ്പിന് 01-09-2014 - ലെ ജി.ഒ (ആർ.റ്റി.) നം.4267/14/റവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയതനുസരിച്ച് ഏറ്റെടുക്കേണ്ട ഭൂമിയുടെ വിശദവില വിവരപട്ടിക തയ്യാറാക്കിവരികയാണ്. |
| (ബി) | പ്രസ്തുത നടപടികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും, നഷ്ടപരിഹാരത്തുക എന്നത്തേയ്ക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്നും വെളിപ്പെടുത്താമോ ? | (ബി) | മലപ്പുറം കോട്ടപ്പടി ബൈപ്പാസ് റോഡ് നിർമ്മാണത്തിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് കേസിൽ കരട് പ്രഖ്യാപനം അംഗീകരിച്ച് പൊന്നുംവില നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിലും, ആശാരിപ്പടി-തലാപ്പ് കടവ് പാലത്തിന്റെ അപ്രോച്ച് റോഡിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് കേസിൽ ഫണ്ട് ലഭ്യമാക്കി 6 മാസത്തിനുള്ളിലും നഷ്ടപരിഹാരത്തുക നൽകി നടപടികൾ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.